# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യുണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ: 0466 2212279 ഇമെയിൽ: kvkpalakkad@kau.in

## കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 48/2020 (ചൊവ്വാഴ്ച)** **തീയ്യതി:25.08.2020**

### അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം

| കാലാവസ്ഥാ ഘടകങ്ങൾ | 26.08.2020 | 27.08.2020 | 28.08.2020 | 29.08.2020 | 30.08.2020 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 4 | 0 | 0.1 | 0.1 | 4 |
| ഉയർന്ന താപനില (ºC) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (ºC) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 66 | 66 | 66 | 66 | 66 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 8 | 6 | 10 | 10 | 10 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 250 | 270 | 270 | 270 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 7 | 6 | 8 |

ജില്ലയിൽ വരും ദിവസങ്ങളിൽ മഴയ്ക്കുള്ള സാധ്യത കുറവായി കാണുന്നു. കൂടിയ താപനില 33 ºC വരെ എത്താൻ സാധ്യതയുണ്ട്. ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെ പ്രവചനമനുസരിച്ചു അടുത്തയാഴ്ച (30th ഓഗസ്റ്റ് to 5th സെപ്റ്റംബർ) മഴയുടെ അളവിൽ കേരളത്തിൽ 37.4% കുറവുണ്ടാകാൻ സാധ്യത.

**പൊതു നിർദ്ദേശങ്ങൾ**: ഉയർന്ന താപനിലയിലെ വർധനവ് തുടരുന്നതിനാൽ വിളകളിൽ പുതയിടൽ നടത്തി മണ്ണിലെ ജലസംരക്ഷണം ഉറപ്പു വരുത്തുക.

### കാർഷിക നിർദ്ദേശങ്ങൾ

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | ബാക്റ്റീരിയൽ ഓലകരിച്ചിൽ | നെൽപ്പാടങ്ങളിൽ ബാക്റ്റീരിയൽ ഓലകരിച്ചിൽ രോഗം ശ്രദ്ധയിൽപ്പെട്ടാൽ ഒരു ഏക്കറിന് 2 കിലോഗ്രാം ബ്ലീച്ചിങ് പൗഡർ കിഴികെട്ടി പാടത്തെ വെള്ളക്കെട്ടിൽ ഇട്ടുകൊടുക്കുക. രോഗം അധികരിക്കുകയാണെങ്കിൽ 2 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ച് കൊടുക്കുക. |
| നെല്ല് | മുഞ്ഞ | നെൽപ്പാടങ്ങളിൽ മുഞ്ഞയുടെ ആക്രമണം കണ്ടുവരുന്നുണ്ട്. ആക്രമണം കുറയ്ക്കാനായി ഇടവിട്ട് വെള്ളം കയറ്റി ഇറക്കുക. 3 കിലോഗ്രാം അറക്കപ്പൊടി, ഒരു ലിറ്റർ മണ്ണെണ്ണ അല്ലെങ്കിൽ എൻജിൻ ഓയിൽ എന്നിവയുടെ മിശ്രിതം പാടത്തു ഇട്ടുകൊടുക്കുക. അല്ലെങ്കിൽ ഒരു ഏക്കറിന് 60 കിലോഗ്രാം എന്ന കണക്കിൽ വേപ്പിൻ പിണ്ണാക്ക് ചേർത്ത് കൊടുക്കുക. രോഗം അധികരിക്കുന്ന സാഹചര്യത്തിൽ അസഫേറ്റ് എന്ന കീടനാശിനി ഒരു ലിറ്ററിന് 1.6 ഗ്രാം എന്ന തോതിൽ കലക്കി തളിച്ച് കൊടുക്കുക. |
| വെള്ളരിവർഗ്ഗ വിളകൾ | മൃദുരോമപ്പൂപ്പൽ | മഴക്കാലങ്ങളിൽ വെള്ളരിവർഗ്ഗ വിളകളിൽ വരാൻ സാധ്യതയുള്ള രോഗമാണ് മൃദുരോമപ്പൂപ്പൽ. രോഗം ശ്രദ്ധയിൽപ്പെട്ടാൽ പ്രൊപിനെബ് 70 WP 2.5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ മാങ്കോസെബ് 75 WP 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കുക. |
| കുരുമുളക് | ദ്രുതവാട്ടം | കുരുമുളകിലുണ്ടാകുന്ന ദ്രുതവാട്ടം തടയുന്നതിനായി ചാണകവും വേപ്പിൻ പിണ്ണാക്കും ചേർന്ന മിശ്രിതത്തിൽ വളർത്തിയെടുത്ത ട്രൈക്കോഡർമ ഒരു മൂടിന് 5 kg എന്ന കണക്കിൽ തടത്തിൽ ഇട്ടു കൊടുക്കുക. |